ഹദീഥ് 17
മുസ്ലിമിന്റെ വേഷം

عن معاوية بن حيدة رضي الله عنه قال: قلت : "يا نبي الله، عَوراتنا ما نأتي منها وما نذر؟ قال: (احفظ عورتك إلا من زوجتك أو ما ملكت يمينك) قلت: يا رسول الله، إذا كان القوم بعضُهم في بعض؟ قال: (إن استطعت ألا يراها أحد فلا يراها) قال: قلت: يا نبي الله إذا كان أحدنا خاليًا؟ قال: (فالله أحق أن يَستحيي منه الناس)] " أبو داود (4017), الترمذي (2769 و2794)]

മുആവിയതുബ്നു ഹൈദ (رَضِيَ اللهُ عَنْهُ) ൽ നിന്ന് നിവേദനം : അദ്ദേഹം പറഞ്ഞു, ഞാൻ നബി(ﷺ) യോട് ചോദിച്ചു: ഞങ്ങളുടെ ഔറത്തിൽ വെളിവാക്കാൻ പറ്റുന്നതും അല്ലാത്തതും എന്താണ്? അദ്ദേഹം പറഞ്ഞു നീ നിന്റെ ഔറത്തിനെ സൂക്ഷിക്കുക. നിൻറെ ഭാര്യയുടെയോ, നിന്റെ വലം കൈ ഉടമപ്പെടുത്തിയവരുടെയും അരികിലൊഴികെ. ഞാൻ ചോദിച്ചു: അല്ലാഹുവിൻറെ റസൂലേ, ആളുകൾ തമ്മിൽ ഇടകലരുന്ന സമയത്താണെങ്കിലോ? അദ്ദേഹം പറഞ്ഞു: ഔറത്ത് ആരും കാണാത്ത രൂപത്തിൽ സൂക്ഷിക്കാൻ നീ ശ്രമിക്കേണ്ടതാണ്. അതാരും കാണാതിരിക്കട്ടെ. അദ്ദേഹം പറഞ്ഞു, ഞാൻ നബിയോട് ചോദിച്ചു: അല്ലാഹുവിന്റെ പ്രവാചകരെ ഞങ്ങൾ ഒറ്റക്കാണെങ്കിലോ? അദ്ദേഹം പറഞ്ഞു: അല്ലാഹു ആകുന്നു ജനങ്ങളെക്കാൾ ലജ്ജയുള്ള

വനായി പരിഗണിക്കപ്പെടാൻ ഏറ്റവും അർഹനായിട്ടുള്ളവൻ. (അബൂ ദാവൂദ്, തിർമിദി).

ഇസ്ലാമിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് വസ്ത്രം ധരിക്കുന്നതിനെയാണ് ഇസ്ലാമിക വസ്ത്രധാരണരീതി എന്നറിയപ്പെടുന്നത്. സ്ത്രീകൾക്കും പുരുഷമാർക്കും വ്യത്യസ്തമായ മാർഗനിർദ്ദേശങ്ങളാണ് ഇസ്ലാം വസ്ത്രധാരണത്തിന്റെ കാര്യത്തിൽ നൽകുന്നത്. മുഖവും മുൻകൈയും ഒഴികെയുള്ളവ അന്യരുടെ സാന്നിദ്ധ്യത്തിൽ പുറത്തു കാണിക്കരുതെന്നാണ് സ്ത്രീകൾക്കുള്ള നിയമമെങ്കിൽ, കാൽമുട്ടിനും പൊക്കിളിനുമിടയിലുള്ള ഭാഗം മറയ്ക്കണമെന്നാണ് പുരുഷന്മാർക്കുള്ള നിർദ്ദേശം.

●നെരിയാണിക്ക് താഴെ വസ്ത്രം താഴ്ത്തിയിടൽ.

عَنْ أَبِي ذَرٍّ، عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : " ثَلَاثَةٌ لَا يُكَلِّمُهُمُ اللَّهُ يَوْمَ الْقِيَامَةِ : الْمَنَّانُ الَّذِي لَا يُعْطِي شَيْئًا إِلَّا مَنَّهُ، وَالْمُنَفِّقُ سِلْعَتَهُ بِالْحَلِفِ الْفَاجِرِ، وَالْمُسْبِلُ إِزَارَهُ ". (مسلم)

അബൂദർറ്(رَضِيَ اللهُ عَنْهُ)വിൽ നിന്ന് നിവേദനം. നബി(ﷺ) അരുളി: “മൂന്ന് വിഭാഗം ആളുകളോട് അന്ത്യനാളിൽ അല്ലാഹു സംസാരിക്കുകയില്ല: എന്ത് നൽകിയാലും അതെല്ലാം എടുത്തു പറയുന്നവൻ, കള്ളസത്യം ചെയ്ത് ചരക്ക് വിറ്റഴിക്കുന്നവൻ, വസ്ത്രം വലിച്ചിഴക്കുന്നവൻ”

● സ്ത്രീകളുടെ വസ്ത്രധാരണം

* പുരോഗമനവാദികൾ (ഹറാമിലേക്ക് ക്ഷണിക്കുന്നവർ) അംഗീകരിച്ചാലും ഇല്ലെങ്കിലും ശരി, സ്ത്രീയും പുരുഷനും ഒന്നല്ല. ശരീരത്തിലും, വിചാരത്തിലും,

വികാരത്തിലും.

* സമൂഹം ഒരു പുരുഷനോട് ഇടപെടുന്നത് പോലെയല്ല ഒരു സ്ത്രീയോട് ഇടപെടുന്നത്.
* ഇസ്ലാം സ്ത്രീകളെ ബഹുമാനിക്കുന്നു, ആദരിക്കുന്നു. ചൂഷണം ചെയ്യപ്പെടാതിരിക്കാൻ ചില മുൻകരുതലുകൾ ഏർപെടുത്തിയിരിക്കുന്നു.
* അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് അവരുടെ വസ്ത്രധാരണം തന്നെയാണ്
* സൂറത്തു അന്നൂർ : 31- വചനം ശ്രദ്ധിക്കുക

وَقُل لِّلْمُؤْمِنَاتِ يَغْضُضْنَ مِنْ أَبْصَارِهِنَّ وَيَحْفَظْنَ فُرُوجَهُنَّ وَلَا يُبْدِينَ زِينَتَهُنَّ إِلَّا مَا ظَهَرَ مِنْهَا ۖ وَلْيَضْرِبْنَ بِخُمُرِهِنَّ عَلَىٰ جُيُوبِهِنَّ ۖ

സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും, അവരുടെ ഭംഗിയിൽ നിന്ന് പ്രത്യക്ഷമായതൊഴിച്ച് മറ്റൊന്നും വെളിപ്പെടുത്താതിരിക്കുവാനും നീ പറയുക. അവരുടെ മക്കനകൾ കുപ്പായമാറുകൾക്ക് മീതെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ. (ക്വുർആൻ:24/31)

* ചാഞ്ഞും ചരിഞ്ഞും നടക്കുന്ന സ്ത്രീകൾ

عن أبي هريرة رضي الله عنه قال: قال رسول الله صلى الله عليه وسلم: صِنْفانِ مِن أهْلِ النَّارِ لَمْ أرَهُما، قَوْمٌ معهُمْ سِياطٌ كَأَذْنابِ البَقَرِ يَضْرِبُونَ بها النَّاسَ، ونِساءٌ

كاسِياتٌ عارِياتٌ مُمِيلاتٌ مائِلاتٌ، رُؤُوسُهُنَّ كَأَسْنِمَةِ البُخْتِ المائِلَةِ، لا يَدْخُلْنَ الجَنَّةَ، ولا يَجِدْنَ رِيحَها، وإنَّ رِيحَها لَيُوجَدُ مِن مَسِيرَةِ كَذا وكَذا. (مسلم)

അബൂഹുറൈറ (رَضِيَ اللهُ عَنْهُ) വിൽ നിന്നും നിവേദനം, നബി(ﷺ) പറഞ്ഞു: രണ്ടു വിഭാഗം ആളുകൾ നരകത്തിലാണ്. ഞാൻ അവരെ കണ്ടിട്ടില്ല. (ഒന്ന്) ഒരു വിഭാഗം ആളുകളാണ്, അവരുടെ കയ്യിൽ പശുവിന്റെ വാലുകളെപോലെയുള്ള ചാട്ടവാറുകൾ ഉണ്ടാകും. അതുകൊണ്ട് അവർ ജനങ്ങളെ അടിക്കുന്നു (ചില ഭരണാധികാരികൾ). (രണ്ട്) ചില സ്ത്രീകളാണ്. അവർ വസ്ത്രം ധരിച്ചവരാണ് അതേ സമയം നഗ്നകളുമാണ്. ചാഞ്ഞും ചരിഞ്ഞും നടക്കുന്നവർ. അവരുടെ തലകൾ ഒട്ടകത്തിന്റെ പൂഞ്ഞപോലെ ആടിക്കൊണ്ടിരിക്കും. അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല സ്വർഗത്തിന്റെ മണം പോലും അവർക്ക് ലഭിക്കുകയില്ല. തീർച്ചയായും അതിൻറെ മണം അതി വിദൂരത്തേക്ക് അടിച്ചു വീശുന്നതാണ്. (മുസ്ലിം).

- **ചുരുക്കത്തിൽ:-**

1. വസ്ത്രം അലങ്കാരമാണ്, സൗന്ദര്യമാണ്
2. ഇസ്ലാമിൽ വസ്ത്രധാരണത്തിന് നിയമങ്ങളുണ്ട്
3. പുരുഷന്മാരുടെ വസ്ത്രം കണങ്കാലിനും നെരിയാണിക്കുമിടയിലാകണം.
4. സ്ത്രീകളുടെ വസ്ത്രം മുഖവും മുൻകൈകളും ഒഴികെ ബാക്കിയെല്ലാം മറക്കുന്നതാകണം.
5. വസ്ത്രം നേർത്തതോ വലിഞ്ഞു നിൽക്കുന്നതോ ശരീരഭാഗങ്ങളെ പ്രകടമാക്കുന്നതോ ആകരുത്.